**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ**

**അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) നടപടിക്രമം**

വിഷയം:- ആ.വ.ഡ –ഫാർമസിസ്റ്റ് ഗ്രേഡ് - 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന :-
1. Advice No. IDA-471255/96/KPSC,IDKI, Dt: 30.04.1999
2. Advice. No. EV(3)1554/95/KPSC,EKM, Dt: 21.11.2020
3. Order No. ES3- 96346/10/DHS, Dt: 06.12.2018
4. Order No. ES3-12537/15/DHS, Dt: 15.06.2015
5. Order No. ES3-8098/19/DHS, Dated: 19.07.2019
6. നോട്ടീസ് നം. ഇ. എസ്3-39343/2021/ആ.വ.ഡ, തീയതി. 30.06.2021

**ഉത്തരവ് നം. ഇ.എസ്3/39343/2021/ആ.വ.ഡ തീയതി : 31/08/2021**

ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് - 1 ജീവനക്കാരനായി ജോലി ചെയ്യുന്ന ശ്രീ. രാജേന്ദ്രൻ. സി. പി, സൂചന 1 പ്രകാരമുള്ള അഡ്വൈസ് പ്രകാരം ഇടിക്കി ജില്ലയിലും തുടർന്ന് സൂചന 2 അഡ്വൈസ് പ്രകാരം എറണാകുളം ജില്ലയിലും ഫാർമസിസ്റ്റ് ഗ്രേഡ് – 2 ആയി ജോലിയിൽ പ്രവേശിച്ചു.

ഇടുക്കി ജില്ലാ പി. എസ്. സി അഡ്വൈസ് പ്രകാരം ടിയാന് 1999-2008 കാലയളവിലെ സൂചന 3 ഉത്തരവ് പ്രകാരം ഫാർമസിസ്റ്റ് ഗ്രേഡ് – 2 സീനിയോറിറ്റി പട്ടികയിൽ 20-ാം സ്ഥാനം നൽകുകയും ഇത് തെറ്റ് ആണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് സൂചന 4 ഉത്തരവിലൂടെ ടിയാളുടെ റാങ്ക് എറണാകുളം ജില്ലാ പി. എസ്. സി അഡ്വൈസ് പ്രകാരം 154 A ആയി പുനർനിർണ്ണയിച്ച് ഉത്തരവ് ആയിട്ടുള്ളതും ആണ്.

സൂചന 5 പ്രകാരം ഉള്ള ഫാർമസിസ്റ്റ് ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിൽ ടിയാന് 156-ാം സ്ഥാനം നൽകിയിട്ടുള്ളതാണ്. ഫാർമസിസ്റ്റ് ഗ്രേഡ് – 2 സീനിയോറിറ്റിക്ക് ആനുപാതികമായി ടിയാന് ഫാർമസിസ്റ്റ് ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിൽ സ്ഥാനം നൽകേണ്ടത് എന്ന കാരണത്താൽ 270 A സ്ഥാനം നൽകിയും ടിയാന് അനുവദിച്ച് നൽകിയിരുന്ന 156-ാം സ്ഥാനം റദ്ദ് ചെയ്ത് സൂചന 6 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ സൂചന 6 പ്രകാരം പുറപ്പെടുവിച്ച നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name | Date of Birth | rank no. in seniority list of Pharmacist Gr. II | Old Rank no. in seniority list Pharmacist Gr. I | New Rank No. seniority list Pharmacist Gr. I | Remarks |
|---|---|---|---|---|---|---|
| 1 | Archana. T. M | 30.05.1974 | 154 | 270 | -- | |
| 2 | Rajendran. C. P | | 154 A | 156 | 270 A | |
| 3 | Rajeev. M. V | 13.04.1973 | 156 | 271 | -- | |

ഒപ്പ്/-
ഡോ. സെമീറ. എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. വ്യക്തികൾക്ക്, 3. സൂപ്രണ്ട്, ഇഇ സെക്ഷൻ, 4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്